**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 694** **05-10-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് വഴി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ഇടപാടുകാർക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ആധുനിക ബാങ്കിംഗ് മേഘലയിൽ നൽകുന്ന സേവനങ്ങളായ RTGS/NEFT, Mobile Banking, IMPS(Immediate Payment System), Internet Banking, UPI (Unified Payment Interface, BBPS (Bharat Bill Payment System), CTS(Cheque Truncation System), ATM, Micro ATM, FASTag, AEPS(Aadhaar Enabled Payment System), E-KYC, CKYC, PFMS(Public Finance Management System), DMR(Digital Member Register), NACH(National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാം കേരള ബാങ്കിലൂടെ നൽകി ന്യൂജനറേഷൻ ബാങ്കുകളോട് കിടപിടിക്കുന്ന തരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ആയതിനുള്ള Solution Providers-നെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. 2022 ഏപ്രിൽ മുതൽ ആധുനിക ഡിജിറ്റൽ സേവനങ്ങൾ കേരള ബാങ്കിലൂടെ ഇടപാടുകാർക്ക് നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | എല്ലാ ജനവിഭാഗങ്ങളുടെയും വായ്പ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം പുതിയ വായ്പാ പദ്ധതികൾ കേരള ബാങ്ക് വഴി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | . |
| (സി) | വ്യാപാര, വ്യവസായ മേഖലകൾക്ക് ഉത്തേജനം നൽകാൻ കഴിയുംവിധം കേരള ബാങ്കിന്റെ പ്രവർത്തനം വിപുലീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | ബാങ്ക് പുതുതായി നടപ്പിലാക്കി വരുന്ന K.B മിത്ര(MSME), K.B സുവിധ(MSME), KB യുവ മിത്ര, K.B ഭക്ഷ്യ സംസ്കരണ വ്യവസായ വായ്പ എന്നീ വായ്പാ പദ്ധതികളിലൂടെ വ്യാപാര വ്യവസായ മേഖലകൾക്കു ഉത്തേജനം നൽകുന്നതാണ്. |
| | | | |

| | | | |
|---|---|---|---|
| (ഡി) | കാർഷിക ആവശ്യങ്ങൾക്കായി സബ്സിഡിയോടുകൂടിയ വായ്പ പദ്ധതികൾ കേരളബാങ്ക് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | കേരള ബാങ്കിൽ കാർഷിക അവശ്യങ്ങൾക്കായി സബ്സിഡിയോടുകൂടിയ താഴെ പറയുന്ന വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 1. PACS on MSC 2. Kissan cash credit(KCC) 3. LT Agriculture 4. Diary Loan 5. Fisheries, Poultry & Agricultural allied activities. 6. Farmer‘s producers Organisations(FPO) 7. Self Help Group(SHG) 8. Joint Liability Group(JLG) 9. Kissan Mithra 10. Agri.Gold Cash Credit |
| (ഇ) | കേരള ബാങ്കിന്റെ ഡിജിറ്റൽ ഇടപാടുകളിലെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ? | (ഇ) | കേരള ബോങ്കിന്റെ എല്ലാ എ.ടി.എമ്മുകളിലും RBI നിഷ്കർഷിച്ചിട്ടുള്ള EMV സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ

കേരളത്തിലെ വിവിധ മേഖലയിലുള്ള ജനവിഭാഗങ്ങൾക്കുവേണ്ടി കേരള ബാങ്ക് വൈവിദ്ധ്യമാർന്ന വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു.

മുൻ ജില്ലാ ബാങ്കുകളിൽ നിലവിലുണ്ടായിരുന്ന വായ്പാ പദ്ധതികൾ തുടരുന്നതിനു പുറമെ താഴെ പറയുന്ന വായ്പാ പദ്ധതികളും ബാങ്ക് നടപ്പിലാക്കിയിട്ടുണ്ട്.

1. മൈക്രോ ഫിനാൻസ് വായ്പ:- ഗ്രാമീണ മേഖലയുടെ സാമ്പത്തിക പുരോഗതി ലക്ഷ്യം വെച്ച് അയൽക്കൂട്ടങ്ങൾക്കും സ്വയം സഹായ സംഘങ്ങൾക്കും നൽകുന്ന വായ്പയാണ് മൈക്രോ ഫിനാൻസ്. കുടുംബശ്രീ വഴിയും , **SHG** വഴിയും **20.00** ലക്ഷം രൂപ വരെ വായ്പയായി നൽകുന്നതാണ്.

   **2020-21** സാമ്പത്തിക വർഷം **145** കോടി രൂപയുടെ വായ്പാ മൈക്രോ ഫിനാൻസ് സംവിധാനത്തിലൂടെ വിതരണം ചെയ്തിട്ടുണ്ട്.

   മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതിയിൽ മാത്രം **SHG** കാർക്ക് **95.00** കോടി രൂപ അനുവദിച്ചു.
2. കിസാൻ മിത്ര(**KCC**):- കിസാൻ ക്രഡിറ്റ് കാർഡ് പദ്ധതിയിൽ വരുന്ന കർഷകർക്ക് പലിശയിളവോടുകൂടി **(Interest Subvention) 4%** പലിശ നിരക്കിൽ നൽകുന്ന കാർഷിക വായ്പയാണിത് , പരമാവധി **3.00** ലക്ഷം രൂപ വരെ നൽകുന്നു.
3. **LT Agricultural Loan**(ദീർഘകാല കാർഷിക വായ്പകൾ) :- കർഷകർക്ക് **60.00** ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്ന വായ്പാ പദ്ധതിയാണിത്. നബാർഡ് ധനസഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത് .
4. സാധാരണ സ്വർണ്ണപ്പണയ വായ്പ (**3** മിനുട്ടിനുള്ളിൽ ലഭിക്കുന്നത്)- സാധാരണ സ്വർണ്ണപ്പണയ വായ്പയാണിത്. **3** മിനുട്ടു കൊണ്ട് സ്വർണ്ണം പണമാക്കാൻ സാധിക്കുന്നു. മാർക്കറ്റ് വിലയുടെ **75%** ഉപഭോക്താവിന് ലഭിക്കുന്നു.
5. പ്രവാസികൾക്കായി - പ്രവാസി കിരൺ :- **30.00** ലക്ഷം രൂപ വരെയുള്ള പ്രൊജക്ടുകൾക്ക് നൽകുന്ന വായ്പ നോർക്ക റൂട്ട്സുമായി സഹകരിച്ച് പ്രവാസികൾക്ക് കോവിഡ്-**19** പശ്ചാത്തലത്തിൽ മൂലധന പലിശ സബ്സിഡി ഉൾപ്പെടെ പുതിയ സംരംഭങ്ങൾക്ക് പ്രവാസി കിരൺ വായ്പ നൽകി വരുന്നു.
6. **MSME** വായ്പാ:- ഈ പദ്ധതികൾ ചെറുകിട കച്ചവടക്കാർ, വ്യപാരികൾ, വ്യവസായികൾ എന്നിവർക്കായി ഒരു കോടി രൂപ വരെ **8.75 %** പലിശ നിരക്കിൽ അനുവദിക്കുന്നതാണ്. ലളിതമായ ജാമ്യ വ്യവസ്ഥയിൽ യുവാക്കൾക്കും പുതിയ സംരംഭകർക്കും സ്വയം തൊഴിലിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ ഈ പദ്ധതിയിലൂടെ സാധിക്കും.
7. **MSME** സുവിധ പദ്ധതി:- **20.00** ലക്ഷം രൂപ വരെ നൽകുന്നതാണ്. ചെറുകിട വ്യാപാരികൾക്കും ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർക്കും സംരംഭങ്ങൾ തുടങ്ങാൻ നൽകുന്ന വായ്പ, വസ്തു ജാമ്യത്തിൽ കുറഞ്ഞ പലിശ നിരക്കിൽ നൽകുന്നതാണ്.
8. ഭവന വായ്പ :- കേരള ബാങ്കിൽ കുറഞ്ഞ പലിശ നിരക്കിൽ പ്രത്യേക ഭവന വായ്പാ പദ്ധതി **30.00** ലക്ഷം രൂപ വരെ ലഭിക്കുന്നതാണ്. ഭവന അറ്റകുറ്റപ്പണികൾ, കൂട്ടിച്ചേർക്കൽ ഇവയ്ക്കും പ്രത്യേകം വായ്പ ലഭിക്കുന്നതാണ്. കൂടാതെ **PMAY** പദ്ധതി പ്രകാരമുള്ള സബ്സിഡിയും ലഭ്യമാക്കി വരുന്നു.
9. വ്യക്തിഗത വായ്പ:- **10.00** ലക്ഷം രൂപ വരെ നൽകുന്നു. സർക്കാർ അർദ്ധസർക്കാർ തുടങ്ങിയ

ജീവനക്കാർക്ക് സാലറി സർട്ടിഫിക്കറ്റിന്റെ ജാമ്യത്തിന്മേൽ അനുവദിക്കുന്ന വായ്പയാണിത്.

10. പെൻഷൻ വായ്പ:- സർവ്വീസ് പെൻഷൻകാർക്ക് (ബാങ്ക് മുഖേന പെൻഷൻ വാങ്ങുന്നവർക്ക്) ഒരു ലക്ഷം രൂപയുടെ പ്രത്യേക വായ്പ പദ്ധതി.

11. കെ.ബി ലാപ് ടോപ്/ടാബ്ലറ്റ് വായ്പ:- സർക്കാർ/എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്/ടാബ്ലറ്റ് വാങ്ങാൻ സഹായിക്കുന്നതിന് വേണ്ടിയുള്ള വായ്പാ പദ്ധതിയാണിത്. ഈ പദ്ധതിയിൽ **50,000/-** രൂപ വരെ വായ്പ നൽകുന്നു.

12. കെ.ബി സഹകരണ മിത്ര:- പ്രാഥമിക സഹകരണ ബാങ്കുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് വേണ്ടിയുള്ള വായ്പാ പദ്ധതിയാണിത്. **10.00** ലക്ഷം രൂപ വരെ ഈ വായ്പാ പദ്ധതി വഴി വിതരണം ചെയ്യുന്നു.

13. കെ.ബി വിദ്യാഭ്യാസ വായ്പ:- ഇന്ത്യയിലും വിദേശത്തും വിദ്യാർത്ഥികളുടെ ഉപരിപഠനത്തിന് വേണ്ടിയുള്ള വായ്പാ പദ്ധതിയാണിത്. ഇന്ത്യയ്ക്കകത്ത് **10.00** ലക്ഷം രൂപ വരെയും വിദേശത്ത് പഠിക്കുന്നതിന് **20.00** ലക്ഷം രൂപ വരെയും വായ്പ നൽകുന്നു.

14. കെ.ബി ഹെഡ് ലോഡ് വർക്കേഴ്സ്:- കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡിന് കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതിയാണിത്. ഒരു ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു.

15. കെ.ബി കോവിഡ് സുരക്ഷ:- നിലവിൽ ബാങ്കിൽ വായ്പയുള്ളവരും കോവിഡ് പ്രതിസന്ധി നേരിട്ടവരുമായ ഉപഭോക്താക്കൾക്ക വേണ്ടിയുള്ള വായ്പാ പദ്ധതിയാണിത്. നിലവിൽ എടുത്തിരുന്ന വായ്പയുടെ **25%** വരെ നൽകുന്നു.

16. കെ.ബി സുവേഗ:- പുതിയതോ, **second hand** വാഹനമോ വാങ്ങുന്നതിന് പരമാവധി **10.00** ലക്ഷം രൂപ വരെ വായ്പയായി അനുവദിക്കുന്ന പദ്ധതി.

17. കെ.ബി മോർട്ട് ഗേജ് വായ്പ:- വസ്തു ജാമ്യത്തിന്മേൽ വിവിധ ആവശ്യങ്ങക്കായി **60.00** ലക്ഷം രൂപ വരെ ഈ വായ്പ പദ്ധതിയിൽ വിതരണം ചെയ്തു വരുന്നു.

18. കെ.ബി ഭക്ഷ്യ സംസ്കരണ വ്യവസായ വായ്പ:- ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ മേഖലയ്ക്ക് കൈത്താങ്ങായി **60.00** ലക്ഷം രൂപ വരെ കാലാവധി വായ്പയായി അനുവദിച്ചു നൽകുന്നു.